നത്തിന്നുപുറമെ സൈക്ലോൺമൂലമുള്ള ദുരിതവും ഉണ്ടു്. കൂടാതെ യുദ്ധം നിമിത്തവും വലിയ കഷ്ടതകളും ജനങ്ങൾ അനുഭവിച്ചുവരുന്നുണ്ടു്. ഈ സന്ദർഭത്തിൽ ഏതെങ്കിലും വിധത്തിൽ ഗവമ്മെണ്ടിനു ആദായമുണ്ടാക്കുന്ന മാർഗ്ഗം ചുണ്ടിക്കാണിക്കണമെന്നുള്ള ഉദ്ദേശവും എന്റെ പ്രമേയത്തിൽ അടങ്ങിയിട്ടുണ്ടു്. ഇപ്പോൾ നിലവിലുള്ള നിയമപ്രകാരം ഗവമ്മെണ്ടുദ്യോഗസ്ഥന്മാർ അവകാശാവധി എടുക്കുമ്പോൾ അവർക്കു് മുഴുവൻ ശമ്പളം കൊടുക്കണമെന്നുമാത്രമല്ല സബ്സ്റ്റിട്യൂട്ടിനെ നിയമിക്കുകയാണെങ്കിൽ അവർക്കു് ഗവമ്മെണ്ടിൽ നിന്നു ശമ്പളം കൊടുക്കുകയും വേണം. ഇങ്ങിനെ രണ്ടുപ്രകാരത്തിൽ ഗവമ്മെണ്ടിനു് ചിലവുവരുന്നുണ്ടു് ഈ പ്രമേയത്തിൽ പറയുന്ന വ്യവസ്ഥ ഗവമ്മെണ്ടു ഏർപ്പെടുത്തുന്നതായാൽ ഗവമ്മെണ്ടുദ്യോഗസ്ഥന്മാരിൽ അധികമാളുകളും അവകാശാവധി എടുക്കാതെ കഴിക്കും. അങ്ങിനെയുള്ള അവകാശാവധി അവർ ഉദ്യോഗത്തിൽ നിന്നു പിരിയുന്ന അവസരത്തിൽ പത്തുമാസമോ കൂടുതലോ ഉണ്ടെങ്കിൽ അതിൽ പകുതിക്കാലത്തെ ശമ്പളം ഉദ്യോഗത്തിൽനിന്നു പിരിയുമ്പോൾ ഒന്നാകെ അവർക്കു കൊടുത്താൽ നമ്മുടെ ഗവമ്മെണ്ടുദ്യോഗസ്ഥന്മാരെല്ലാം ചുരുങ്ങിയ ശമ്പളക്കാരായതുകൊണ്ടു് അവർക്കു് വല്ല വെറ്റിലകച്ചവടമോ മുളകച്ചവടമോ ചെയ്യുവാനും തൻമൂലം അവരുടെ കഷ്ടതകളെ പരിഹരിക്കുവാനും വലിയ സഹായമായിരിക്കും. മാത്രമല്ല ഗവമ്മെണ്ടിനു് കൂടുതൽ ആദായകരമായിരിക്കുകയും ചെയ്യും. ഗവമ്മെണ്ടുദ്യോഗസ്ഥന്മാർ പെൻഷൻപറ്റി പിരിയുമ്പോൾ അവർക്കു് എന്തെങ്കിലും ഒരു വ്യവസായം നടത്തുന്നതിനു" വേണ്ടുന്ന ചിലവു് കയ്യിൽ കിട്ടുകയും ചെയ്യും. ഇങ്ങിനെയുള്ള ഉദ്ദേശത്തോടുകൂടി ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തെ ആരും എതിർക്കുകയില്ലെന്നുള്ള വിശ്വാസം എനിക്കുണ്ടു്. ഇതു് ഈ നിയമസഭാസന്തോഷം സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടിയും ട്രഷറി ബഞ്ചു് ഗവമ്മെണ്ടിന്റെ ക്ഷേമത്തേയും സർക്കാർ ജീവനക്കാരുടെ ക്ഷേമത്തേയും പരിഗണിച്ചു് അനുകൂലിക്കുമെന്ന വിശ്വാസത്തോടുകൂടിയും ഞാൻ ഇവിടെ അവതരിപ്പിക്കുന്നു.

Deputy President: Has anybody seconded the resolution?

Several Honb'le Members: No.

Resolution lost for want of a seconder

RESOLUTION No. 8

To supply Legislative Council Proceedings free of cost to all the Libraries in the State

Mr. C. V. Iyyu *(Kunnamkulam):* Sir, I move the following resolution.

"This Council recommends to the Government to supply free of cost the reports of the Cochin Legislative Council to all Libraries in the State".

ഈ പ്രമേയത്തെക്കുറിച്ചു് കൂടുതലായി ഒന്നും പറയുവാനില്ല വർത്തമാനപത്രറിപ്പോർട്ടർമാർ ഇവിടത്തെ നടപടികൾ റിപ്പോർട്ടു ചെയ്യുമ്പോൾ മനഃപൂർവ്വമായിട്ടു് യാതൊന്നും ചെയ്യുന്നില്ലെങ്കിലും ഓരോ പത്രക്കാരും ഈ നിയമസഭയിലെ നടപടികൾ പ്രസിദ്ധപ്പെടുത്തുമ്പോൾ ഇവിടെ പ്രസംഗിക്കുന്ന മെമ്പർമാരുടെ നയത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രധാനവും അപ്രധാനവുമായ സംഗതികളെ വ്യത്യാസപ്പെടുത്തി പ്രസിദ്ധീകരിക്കാറുണ്ടു്. ഉദാഹരണമായിട്ടു് ഒരു സംഗതി പറ

LIBRARY ARCHIVES Kerala Legislative Assembly

യാം. മലയാളത്തിൽ വലിയ പ്രാധാന്യമഹിക്കുന്ന പത്രമാണ് മാതൃഭൂമി. കോൺ ഗ്രസ്സാദർശങ്ങളോടനുകൂലിക്കുന്ന തതപത്രങ്ങളെക്കുറിച്ച് ഏതെങ്കിലും മെമ്പർമാർ പ്രസംഗിക്കുന്നുണ്ടെങ്കിൽ അതിനു വലിയ പ്രാധാന്യം കൊടുക്കുമെന്നല്ലാതെ ആ മെമ്പർമാരുടെ നിയോജകമണ്ഡലങ്ങളെക്കുറിച്ചുള്ള വിഷയങ്ങളിൽ അത്രമാത്രം പ്രാധാന്യം കൊടുക്കാറില്ല. അതുനിമിത്തം ഈ രാജ്യത്തിലെ പൊതുജനങ്ങൾക്കു ഈ സഭയിൽ നടക്കുന്ന സംഗതികളെപ്പറ്റി ശരിയായി അറിയുന്നതിനു സാധിക്കാതെവരുന്നുണ്ട്. അതുകൊണ്ട് ഗവണ്മെണ്ടിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന ഒഫീഷ്യൽ റിപ്പോർട്ട് കഴിയുന്നതും അധികം പൊതുജനങ്ങൾക്കു വായിപ്പാനുള്ള സൌകര്യമുണ്ടാക്കാനുദ്ദേശിക്കുന്ന ഒരു പ്രമേയമാണിതു്. മുമ്പ് എല്ലാ ആപ്പീസുകളിലേക്കും സ്കൂളുകളിലേക്കും ഔദ്യോഗിക റിപ്പോർട്ട് അയച്ചുകൊടുത്തുവന്നിരുന്നു. റിട്രെഞ്ച്മെൻറ് കാരണം അതെല്ലാം ഇപ്പോൾ നിറുത്തി. പിന്നീട് പഞ്ചായത്തിൽനിന്നു പ്രമേയം പാസ്സാക്കി അയച്ചതനുസരിച്ച് ഇപ്പോൾ എല്ലാ പഞ്ചായത്തുകളിലേക്കും അയച്ചുകൊടുക്കാറുണ്ട്. മുമ്പിലത്തെ രീതിയിൽതന്നെ വീണ്ടും തുടരണമെന്നു ഞാൻ ഗവണ്മെണ്ടിനോടാവശ്യപ്പെടുന്നില്ല. ജനങ്ങളുടെ രാഷ്ട്രീയമായ വിദ്യാഭ്യാസത്തിനു പ്രയോജനകരമായി തീരത്തക്കവിധത്തിൽ ഈ രാജ്യത്തു് ഗവണ്മെണ്ടു് അംഗീകരിച്ചിട്ടുള്ള എല്ലാ വായനശാലകൾക്കും കുടി നിയമസഭാ റിപ്പോർട്ടുകൾ അയച്ചുകൊടുക്കണമെന്നുമാത്രമേ ഞാൻ ഇതുകൊണ്ടു വിവക്ഷിക്കുന്നുള്ളു. ഇതു് ഈ സഭയുടെ സമ്മതത്തിനായി ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. K. S. Panicker *(Ezhuvas-Mukundapuram):* I second it.

Mr. V. J. Mathai *(Planters):* On a point of information, Sir, may I know whether these reports were actually being supplied by the Government at one time to the libraries?

Mr. K. Achyuta Menon *(Secretary to Government):* To a few libraries they were supplied.

Mr. A. V. Moothedan *(Chalakkudi):* Sir, I support this resolution. The object of this resolution is to give wider publicity to the Proceedings of this Council without any partiality. The Council Proceedings cost two annas for one day's proceedings and the people will not be able to purchase them. In every village a library is supposed to exist, and I think it is necessary to supply the proceedings for the political education of the masses. If it is in the library, the people of the locality may go through it and see what their members are doing in the Council, whether their interests are being properly safeguarded and in that way they will cultivate a political instinct. I, therefore, heartily support the resolution.

Mr. K. Achyuta Menon *(Secretary to Government):* Mr. President, the only ground upon which I oppose the resolution is the difficulty of getting paper and the need for conserving paper. The Government will consider the question of supplying these proceedings to the libraries when conditions improve. We are put to very great difficulties on account of shortage of paper. There is no objection to consider it when times improve.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. V. Iyyu *(Kunnamkulam):* What will be the approximate expenditure if this resolution is accepted?

Mr. K. Achyuta Menon *(Secretary to Government):* Rs. 600 a year. There are 125 libraries and the proceedings cost Rs. 4.

Mr. C. V. Iyyu *(Kunnamkulam):* Shall I take it for granted that the Government will consider it after the war and if there is a large supply of paper?

Mr. K. Achyuta Menon *(Secretary to Government):* The Government will consider it after conditions improve.

Mr. C. V. Iyyu *(Kunnamkulam):* In view of the assurance given by the Hon'ble Secretary to Government, I beg to withdraw the resolution.

Resolution, by leave, withdrawn

RESOLUTION No. 9

Recognition to the principle of communal justice in appointments above the purview of the Staff Selection Board

Mr. M. K. Devassy *(Adur):* Sir, the resolution that I have tabled for discussion reads thus.—

"This Council recommends to the Government to give a more effective recognition to the principle of communal justice in appointments above the purview of the Staff Selection Board".

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഇതു വളരെ ഗൌരവമേറിയ ഒരു വിഷയമായതുകൊണ്ടും, ദിവാൻജിയവർകൾക്കു ഈ നാട്ടിലെ സ്ഥിതിഗതികളെക്കുറിച്ചു് നല്ലപോലെ മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലാത്തതുകൊണ്ടും, നാളെ ന്യ-ാം നമ്പർ പ്രമേയം ആലോചനക്കെടുക്കുവാൻ മാറ്റിവെച്ചിട്ടുള്ള തരത്തിൽ അടുത്തതായി ദിവാൻജിയുടെ അദ്ധ്യക്ഷതയിൽ യോഗം സമ്മേളിക്കുമ്പോൾ ഇതും ആലോചനക്കെടുക്കുവാനായി മാറ്റിവെക്കുന്നപക്ഷം അദ്ദേഹത്തിനു ഈ നാട്ടിലെ ഉദ്യോഗസംബന്ധമായ സാമുദായിക അസമത്വങ്ങളെ വിശദമായിമനസ്സിലാക്കുവാൻ സാധിക്കുന്നതാണു്. അതുകൊണ്ടു് ന്യ-ാം നമ്പർ പ്രമേയം മാറ്റിവെച്ചു ന്യായത്തിന്മേൽതന്നെ ഇതും മാറ്റിവെക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ഡെപ്യൂട്ടി പ്രസിഡണ്ടു്: ന്യ-ാം നമ്പർ പ്രമേയം മാറ്റിവെച്ചതു് അതിനെ സംബന്ധിച്ചു് ആലോചിക്കുവാൻ ഗവണ്മെണ്ടിനു സൌകര്യം കൊടുക്കുവാനാണു്. ആ ന്യായം ഇതിനു യോജിക്കുന്നില്ല. ന്യ-ാം നമ്പർ പ്രമേയം അങ്ങിനെ മാറ്റിവെച്ചിട്ടുള്ളതു് ഗവണ്മെണ്ടിന്റെ ആവശ്യപ്രകാരമാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവണ്മെണ്ടിന്റെ ആവശ്യപ്രകാരമാണെങ്കിൽ ചെയ്യാം, ജനങ്ങളുടെ ആവശ്യപ്രകാരമാണെങ്കിൽ ചെയ്യുകടാ എന്നാണോ പറയുന്നതു്?

ഡെപ്യൂട്ടി പ്രസിഡണ്ടു്: ജനങ്ങളും ഇങ്ങിനെ എല്ലാ സംഗതികളും ആവശ്യപ്പെട്ടുകഴിഞ്ഞാൽ അതൊക്കെ ചെയ്യുവാൻ പ്രയാസമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly